# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 03.07.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1.ഇന്ത്യയെ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുമെന്നും നന്ദിപ്രമേയ ചർച്ചകൾക്ക് മറുപടിയായി പ്രധാനമന്ത്രി.

**Prime Minister Narendra Modi replied in Rajya Sabha this noon to the Motion of Thanks to President Droupadi Murmu's address to the joint sitting of both the Houses. Will make India, the largest economy of the world, says PM Modi.**

2. നിർമിത ബുദ്ധി മനുഷ്യ ജീവിതത്തിൽ അനുകൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനൊപ്പം, പുതിയതരം വെല്ലുവിളികൾ കൂടി ഉയർത്തുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnav launched the Global India AI Summit 2024 in New Delhi today.**

3. ഹത്രാസിസ് ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 121 ആയി. സംഭവത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവിട്ട് യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്.

**A total of 121 people have lost their lives in the stampede that took place in Hathras. Chief Minister Yogi Adityanath has ordered a thorough probe into the incident.**

4.നിതി ആയോഗിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമ്പൂർണത അഭിയാൻ പദ്ധതിയ്ക്ക് നാളെ വയനാട് ജില്ലയിൽ തുടക്കം.

**Niti Ayog's Sampoornta Abhiyan will kickstart in Wayanad district tomorrow**

5.യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം.

**Euro Cup Quarter Final mached will start on Friday.**

**&&&&&&&&&&&&**

# HEADLINE 1

**PM Rajyasabha (INTRO)**

***വികസിത ഭാരതം, ആത്മനിർഭർ ഭാരതം തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാണ് ജനങ്ങൾ NDA സർക്കാരിനെ മൂന്നാം തവണയും അധികാരത്തിലെത്തിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദി പ്രമേയ ചർച്ചകൾക്ക് രാജ്യസഭയിൽ മറുപടി നൽകുകയായിരുന്ന അദ്ദേഹം. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ, ദശാബ്ദങ്ങൾക്ക് ശേഷമാണ് ഒരു സർക്കാരിനെ ജനങ്ങൾ തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലെത്തിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇതൊരു സാധാരണ കാര്യമല്ലെന്നും, എന്നാൽ ജനതീരുമാനത്തിൽ കരിപുരട്ടാൻ ചിലർ ആസൂത്രിത ശ്രമം നടത്തുന്നതായും അദ്ദേഹം കുറ്റപ്പെടുത്തി. തിരഞ്ഞെടുപ്പിൽ ജനങ്ങൾ കാണിച്ച വിവേകത്തെയും ബുദ്ധിയേയും അദ്ദേഹം പ്രശംസിച്ചു. വ്യാജപ്രചാരണങ്ങളെ തള്ളി പ്രകടനത്തിന് പ്രധാന്യം നൽകുകയാണ് ജനങ്ങൾ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയെ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാക്കി മാറ്റുമെന്നും അദ്ദേഹം വ്യക്തമാക്കി.***

(ഹോൾഡ്)

**&&&&&&&&&&&&**

**BJP-RAHUL GANDHI**

ലോക്സഭയിൽ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി നടത്തിയ പ്രസംഗത്തിൽ ഒരു സമുദായത്തിനെതിരായ പരാമർശമുണ്ടെന്ന് ചൂണ്ടിക്കാട്ടി പ്രതിഷേധം ശക്തമാക്കി ബിജെപി. രാഹുൽ ഗാന്ധിയുടെ പരാമർശങ്ങൾ നിരുത്തരവാദപരമാണെന്നും, ഇത് പ്രീണന രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുമെന്നും ബിജെപി എംപി ബാംസുരി സ്വരാജ് ഡൽഹിയിൽ

മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ ബിജെപി നേതാക്കളുടെ ആരോപണം തള്ളിയ ശ്രീ രാഹുൽ ഗാന്ധി തൻറെ പരാമർശങ്ങൾ ബിജെപിയ്ക്ക് എതിരെയാണെന്നും , ഏതെങ്കിലും ഒരു സമുദായത്തിന് എതിരെയല്ലെന്നും പറഞ്ഞു.

&&&&&&&&&&&&

# HEADLINE 2

## Global India AI Summit

നിർമിത ബുദ്ധി മനുഷ്യ ജീവിതത്തിൽ അനുകൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനൊപ്പം, പുതിയതരം വെല്ലുവിളികൾ കൂടി ഉയർത്തുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഗ്ലോബൽ ഇന്ത്യ എ.ഐ ഉച്ചകോടിയുടെ ഉദ്ഘാടനം ന്യൂഡൽഹിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയെ ജനാധിപത്യവത്കരിക്കുക എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി , നിർമിത ബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ എല്ലാവർക്കും ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. എ.ഐ അടിസ്ഥാനസൗകര്യ മേഖലയിൽ നിക്ഷേപം നടത്തുമെന്നും, നൈപുണ്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. രണ്ട് ദിവസം നീളുന്ന ഗ്ലോബൽ ഇന്ത്യ എ.ഐ ഉച്ചകോടി നിർമിത ബുദ്ധിയുടെ നിർണായക വശങ്ങൾ പരിശോധിക്കുകയും, ഈ മേഖലയിലെ പുതിയ കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുകയുമാണ് ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര പ്രതിനിധികളും, എ.ഐ വിദഗ്ധരും, നയ രൂപകർത്താക്കളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&

# HEADLINE 3

## HATHRAS STAMPEDE

ഉത്തർപ്രദേശിലെ ഹത്രാസിൽ മതചടങ്ങിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് മരിച്ചവരുടെ എണ്ണം 121 ആയി. 28 പേർ ഗുരുതര പരിക്കോടെ ചികിത്സയിൽ കഴിയുകയാണ്. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ട്. സംഭവത്തിൽ ,സമഗ്രമായ അന്വേഷണത്തിന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉത്തരവിട്ടു. പരുക്കേറ്റ് ആശുപത്രിയിൽ

കഴിയുന്നവരെ മുഖ്യമന്ത്രി സന്ദർശിച്ചു. ദുരന്തത്തിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് യുപി സർക്കാർ രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകുമെന്ന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അറിയിച്ചു. ആൾദൈവം ഭോലേ ബാബയുടെ സത്സംഗിനിടെയാണ് അപകടമുണ്ടായത്.

**&&&&&&&&&&&&**

**PIL– HATRAS –SC & ALLAHABAD**

ഹത്രാസ് ദുരന്തത്തിൽ അന്വേഷണത്തിന് വിരമിച്ച സുപ്രീം കോടതി ജഡ്ജി തലവനായുള്ള അഞ്ചംഗ വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ പൊതു താൽപര്യ ഹർജി. സംഭവത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് അലഹബാദ് കോടതിയിലും മറ്റൊരു പൊതുതാത്പര്യ ഹർജി സമർപ്പിച്ചിട്ടുണ്ട്.

**&&&&&&&&&&&&**

**Hatras Rajyasabha**

ഹത്രാസ് ദുരന്തത്തിൽ ജീവൻ നഷ്ടമായവർക്ക് രാജ്യസഭ അന്തിമോപചാരം അർപ്പിച്ചു. സംഭവം വേദനാജനകവും, നിർഭാഗ്യകരവുമാണെന്ന് സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ അനുശോചിച്ചു. വിഷയത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്യസഭയിൽ പ്രസ്താവന നടത്തണമെന്ന് പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖർഗേ ആവശ്യപ്പെട്ടു. ഇത്തരം സംഭവങ്ങൾ തടയുന്നതിന് വേണ്ട നിയമനിർമാണെ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

**&&&&&&&&&&&&**

**VICE PRESIDENT KERALA VISIT**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ശനിയാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&

# HEADLINE ർ

## ABHIYAN PROJECT

നിതീ ആയോഗിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമ്പൂർണത അഭിയാൻ പദ്ധതിക്ക് നാളെ വയനാട് ജില്ലയിൽ തുടക്കം. കാസർഗോഡ് പരപ്പ ബ്ലോക്കിലും പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്രം നടപ്പാക്കുന്ന അഭിലാഷ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് സമ്പൂർണതാ അഭിയാൻ നടപ്പിലാക്കുന്നത്. ഈ പ്രദേശങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിടുന്നതാണ് പദ്ധതി. വയനാടിനും കാസർഗോഡിനും പുറമെ ഇടുക്കി ജില്ലയിലെ അഴുത, ദേവികുളം, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കൊല്ലംങ്കോട് ബ്ലോക്കുകളും കേരളത്തിൽ നിന്ന് ആസ്പിരിയേഷണൽ ബ്ലോക്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&

## ISRO – ADITYA

ഇന്ത്യയുടെ പ്രഥമ സൗരദൗത്യമായ ആദിത്യ എൽ 1 , ലഗ്രാഞ്ച് പോയിൻറിന് ചുറ്റുമുള്ള സാങ്കൽപ്പിക ഭ്രമണപഥത്തിൽ ആദ്യ വലം വക്കൽ പൂർത്തിയാക്കി. രണ്ടാമത്തെ ഹാലോ ഭ്രമണപഥത്തിലേക്കുള്ള യാത്ര ആരംഭിച്ചതായി ISRO അറിയിച്ചു. കഴിഞ്ഞ വർഷം സെപ്റ്റംബർ 2- നാണ് ആദിത്യ-എൽ1 വിക്ഷേപിച്ചത്. ജനുവരി ആറിനാണ് ലക്ഷ്യസ്ഥാനമായ ലഗ്രാഞ്ച് പോയിൻറിൽ ആദിത്യ എത്തിയത്. ലഗ്രാഞ്ചിയൻ പോയിന്റിന് ചുറ്റും ഒരു ഭ്രമണം പൂർത്തിയാക്കാൻ 178 ദിവസമെടുത്തതായി ISRO വ്യക്തമാക്കി. ഹാലോ ഭ്രമണപഥത്തിലെ യാത്രയ്ക്കിടെ, നിരവധി ഉലച്ചിലുകൾക്ക് വിധേയമായ ബഹിരാകാശ പേടകം നിശ്ചിത ഭ്രമണ പഥത്തിൽ നിന്ന് അല്പം വ്യതിചലിച്ചിട്ടുള്ളതായും ബഹിരാകാശ ഏജൻസി അറിയിച്ചു.

&&&&&&&&&&&&

**JHARKHAND INDIA ALLIANCE MEETING**

ജാർഖണ്ഡിലെ രാഷ്ട്രീയ സാഹചര്യം വിലയിരുത്താൻ ഐ. എൻ. ഡി. ഐ. എ നിയമസഭാകക്ഷി നേതാക്കളുടെ നിർണായക യോഗം വിളിച്ച് ജാർഖണ്ഡ് മുക്തി മോർച്ച എക്സിക്യൂട്ടീവ് പ്രെസിഡന്റും മുൻ മുഖ്യമന്ത്രിയുമായ ഹേമന്ത് സൊറേൻ . ജെഎംഎം , കോൺഗ്രസ് ,ആർ ജെ ഡി നിയമസഭാംഗങ്ങളുടെ സാന്നിധ്യം യോഗത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. ഝാർഖണ്ഡ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഹേമന്ത് സോറൻ മടങ്ങിയെത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനം യോഗത്തിലുണ്ടാകുമെന്നാണ് സൂചനകൾ. കഴിഞ്ഞ മാസം 28 നാണു ഭൂമി ഇടപാടുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ ഹേമന്ത് സൊറേൻ ജയിൽ മോചിതനായത്.

&&&&&&&&&&&&

**BANGLADESH-INDIA CONTRIBUTION**

നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി കൂടിക്കാഴ്ച നടത്തി. 1971-ലെ ബംഗ്ലാദേശ് വിമോചനയുദ്ധത്തിലെ ഇന്ത്യയുടെ സംഭാവനകളെ ഷെയ്ഖ് ഹസീന അനുസ്മരിച്ചു. നാല് ദിവസത്തെ സന്ദർശനത്തിനായി തിങ്കളാഴ്ചയാണ് നാവികസേനാ മേധാവി ബംഗ്ലാദേശിലെത്തിയത്. ഇരുരാജ്യങ്ങളിലെയും നാവികസേനകൾ തമ്മിലെ ഉഭയകക്ഷി പ്രവർത്തനങ്ങളുടെ പുരോഗതി അദ്ദേഹം ബംഗ്ലാദേശ് പ്രധാനമന്ത്രിയെ ധരിപ്പിച്ചു. ചിറ്റഗോങ്ങിലെ ബംഗ്ലാദേശ് നാവിക അക്കാദമിയിൽ നാളെ നടക്കുന്ന പരേഡ് ഇന്ത്യൻ നാവികസേനാ മേധാവി വീക്ഷിക്കും.

&&&&&&&&&&&&

**SENSEX NOON**

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് സർവ കാല നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. തുടക്കത്തിൽ തന്നെ 80,000 പോയിന്റ് മറി കടന്ന ബോംബെ ഓഹരി സൂചിക സെൻസെക്സ്

ഇപ്പോൾ 502 പോയിൻറ് നേട്ടത്തിൽ 79,944 ലാണ് വ്യാപാരം തുടരുന്നത്. നിഫ്റ്റി 154 പോയിന്റ് വർധിച്ച് 24,278 ലും വ്യാപാരം പുരോഗമിക്കുന്നു .

&&&&&&&&&&&&

# HEADLINE 5

**URO CUP**

യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം. മറ്റന്നാൾ സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും. ഈ മാസം 6 ന് പോർച്ചുഗൽ ഫ്രാൻസിനെയും, ഇംഗ്ലണ്ട് സ്വിറ്റ്സർലാൻറിനെയും നേരിടും. നെതർലാൻഡും തുർക്കിയേയും തമ്മിലുള്ള കളി ഈ മാസം ഏഴിന് നടക്കും.

&&&&&&&&&&&&

**WIMBLEDON**

വിംബിൾഡൺ പുരുഷ ഡബിൾസിൽ രോഹൻ ബൊപ്പണ്ണ - മാത്യു എബ്ഡൻ സഖ്യവും, സുമിത് നാഗൽ - ദുസാൻ ലായോവിക് സഖ്യവും ഇന്ന് ആദ്യ മത്സരത്തിനിറങ്ങും. പുരുഷ സിംഗിൾസിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ച് രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. ആദ്യ റൗണ്ടിൽ ചെക്ക് താരം വിറ്റ് കോപ്രിവയെ ആണ് ജോക്കോവിച്ച് പരാജയപ്പെടുത്തിയത്.

&&&&&&&&&&&&

**CRICKET**

ഇന്ത്യ – സിംബാബ്‌വെ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഈ മാസം ആറിന് തുടക്കം. മലയാളി താരം സഞ്ജു സാംസൺ, ശിവം ദുബെ, യശ്വസി ജയ്സ്വാൾ, എന്നിവരെ പരമ്പര ടീമിൽ ഉൾപ്പെടുത്തി. എന്നാൽ ഇവർ ആദ്യ രണ്ട് മത്സരങ്ങളിൽ കളിച്ചേക്കില്ല.

&&&&&&&&&&&&

**IMD-MONSOON**

രാജ്യത്തിന്റെ വടക്കു പടിഞ്ഞാറൻ സംസ്ഥാനങ്ങളിലും മധ്യ മേഖലയിലും അടുത്ത നാല് ദിവസത്തിൽ കാലവർഷം ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പഞ്ചാബ്, ഹരിയാന, ഉത്തരാഖണ്ഡ്, ഗുജറാത്ത് എന്നിവിടങ്ങളിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ട്. ഹിമാചൽ പ്രദേശ്, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിലും മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&&&